# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 178 08.02.2016-ലെ മറുപടിയ്ക്ക്

## മൊബൈൽ ഫോൺ വിപണനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | പ്രതിവർഷം വിവിധ ബ്രാന്റുകളിൽപ്പെട്ട എത്ര മൊബൈൽ ഫോണുകൾ വിറ്റഴിക്കപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | നിലവിലുള്ള നികുതി റിട്ടേൺ പ്രകാരം മൊബൈൽ ഫോണുകളുടെ വിറ്റുവരവ് മാത്രം വ്യാപാരികൾ നൽകിയാൽ മതിയാകും. വിവിധ ബ്രാൻഡുകളിൽപ്പെട്ട മൊബൈൽഫോണുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (ബി) | മൊബൈൽ ഫോൺ വ്യാപാരത്തിന്റെ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് വിശദമാക്കാമോ; പ്രസ്തുത ഇനത്തിൽ പ്രതിവർഷം ലഭിക്കുന്ന നികുതി വരുമാനം എത്ര കോടിയാണ്; | (ബി) | കമ്മോഡിറ്റി ഗ്രൂപ്പ് അനുസരിച്ച് ആ ഗ്രൂപ്പിന്റെ സ്ഥിതിവിവരകണക്കുകൾ മാത്രമേ ലഭ്യമാവുകയുള്ളൂ അതായത് 5% നികുതി നിരക്കിൽ വരുന്നവ. അതിൽ നിന്നും മൊബൈൽ ഫോണുകളുടെ വിവരം പ്രത്യേകമായി ലഭ്യമല്ല. |
| (സി) | ദിനംപ്രതി വർദ്ധിച്ചു വരുന്ന ഓൺലൈനിലൂടെയുള്ള മൊബൈൽ ഫോൺ വിപണനം വഴി നികുതി വരുമാനം വർദ്ധിക്കുന്നുണ്ടോ; | (സി) | പ്രധാനപ്പെട്ട ഓൺലൈൻ വ്യാപാരികളെല്ലാം സംസ്ഥാനത്തിന് പുറത്തുനിന്നു പ്രവർത്തിക്കുന്നവരാണ്. ഇത് അന്തർ സംസ്ഥാന വില്പന ആയതിനാൽ സംസ്ഥാനത്തിന് നികുതി ഒന്നും ലഭിക്കുന്നില്ല. |
| (ഡി) | ഓൺലൈൻ വഴിയുള്ള വിപണനം നിയന്ത്രിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ? | (ഡി) | നിലവിലുള്ള നിയമപ്രകാരം ഓൺലൈൻ വഴിയുള്ള വിപണനം ഫലപ്രദമായി നിയന്ത്രിക്കുവാൻ പ്രത്യേക നിയമ നിർമ്മാണം ഇല്ലാത്തതിനാൽ സംസ്ഥാനത്തിന് അധികാരം ഇല്ല. കൂടാതെ ഇവ അന്തർ സംസ്ഥാന വില്പനയായി കാണിക്കുന്നതിനാൽ കേന്ദ്ര നിയമനിർമ്മാണം വഴി മാത്രമേ ഇത് ഫലപ്രദമായി നിയന്ത്രിക്കാനും സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കാനും കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ